(ബി) 24625 വീടുകൾ

(സി) ഉണ്ട്. 1-4-2009-നുശേഷം കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിച്ചവർക്ക് സബ്സിഡി 25,000 രൂപ (എല്ലാ വിഭാഗത്തിനും) വർദ്ധിപ്പിച്ചിട്ടുണ്ട്. പദ്ധതി വിവിധ തലങ്ങളിൽ അവലോകനം ചെയ്തിട്ടുണ്ട്. കാസർഗോഡ്, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ട്. ബോർഡിന്റെ എല്ലാ ജില്ലകളിലെയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുമായി ബന്ധപ്പെടുന്നുണ്ട്. ഇതിനുപുറമേ സർക്കാർ തലത്തിലും അവലോകനം നടത്തിയിട്ടുണ്ട്.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ

28(*118) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂന്നാറിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) മൂന്നാർ ടൗൺഷിപ്പിൽ ടാറ്റയുടെ നിയന്ത്രണം പൂർണ്ണമായി അവസാനിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) കയ്യേറ്റഭൂമിയിൽ നിർമ്മിച്ച കെട്ടിടങ്ങൾ ഇനിയും പൊളിക്കേണ്ടതായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) :

(എ) മൂന്നാറിലെ കയ്യേറ്റങ്ങളെക്കുറിച്ച് അന്വേഷിക്കാൻ 2003-ൽ നിയോഗിക്കപ്പെട്ട വിദഗ്ദ്ധ സമിതി 2006 സെപ്തംബറിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതിനെ തുടർന്ന് അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനുമായി പ്രത്യേക സംഘത്തെ നിയമിച്ചു. മൂന്നാറിലെയും വാഗമണ്ണിലെയും വ്യാജ പട്ടയ വിഷയം പരിശോധിക്കാൻ അഡീഷണൽ ലാന്റ് റവന്യൂ കമ്മീഷണറെ നിയോഗിച്ചു. മൂന്നാറിലെ കയ്യേറ്റങ്ങൾ മാത്രം പഠിച്ചു റിപ്പോർട്ട് നൽകാൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി. ദൗത്യ സംഘത്തിന്റെ പ്രവർത്തന ഫലമായി 390 കയ്യേറ്റങ്ങൾ കണ്ടുപിടിച്ചു. 4677.8803 ഹെക്ടർ ഭൂമി സർക്കാരിലേക്ക് വീണ്ടെടുത്തിട്ടുണ്ട്. 24 റിസോർട്ടുകളും മറ്റ് അനധികൃത നിർമ്മാണങ്ങളും പൊളിച്ചു നീക്കുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ട്. 21 എൽ. സി. കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. റിസോർട്ടുകൾ അടക്കം 119 അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ കൈക്കൊണ്ടു. കുറ്റക്കാരായ 45 ഉദ്യോഗസ്ഥർക്കെതിരെയും 35 സ്വകാര്യ വ്യക്തികൾക്കെതിരെയും വിജിലൻസ് കേസുകൾ എടുത്തു. 39 ക്രിമിനൽ കേസുകളിലായി 215 പേർക്കെതിരെ കേസ്സെടുത്തു. അതിൽ 88 പേരെ അറസ്റ്റ് ചെയ്തു. 78 റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ കൈക്കൊണ്ടു. മൂന്നാർ മേഖലയിൽ ഏറ്റെടുത്ത ഓക് ഫീൽഡ് റിസോർട്ട് കോടതി വിധിക്ക് വിധേയമായി കെ.ടി.ഡി.സി.-യുടെ ചുമതലയിൽ പ്രവർത്തിച്ചു വരുന്നു. ചിന്നക്കനാലിൽ ഏറ്റെടുത്ത 13.59 ഏക്കർ ഏലത്തോട്ടം റവന്യൂ വകുപ്പ് നേരിട്ട് നടത്തിവരുന്നു. സർക്കാർ ഭൂമിയിലുണ്ടാകുന്ന കയ്യേറ്റങ്ങൾ തടയുന്നതിന് ഭൂസംരക്ഷണ നിയമം ഭേദഗതി ചെയ്തു. മൂന്നാറിലും പരിസരങ്ങളിലും ടാറ്റ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചു. കൂടുതൽ കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനും സർക്കാർ ഭൂമി തിട്ടപ്പെടുത്തുന്നതിനും ഭൂമികേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സർവ്വേ ജോലികൾ ഏറ്റെടുത്തു. കയ്യേറ്റങ്ങൾ തടയുന്നതിനും ഭൂമി പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിനും മൂന്നാർ ഉൾപ്പെടുന്ന കെ.ഡി.എച്ച് വില്ലേജിനെ ആറ് സെക്ടറുകളായി തിരിച്ച് സെക്ടറൽ ഓഫീസുകൾ സ്ഥാപിച്ചു. വ്യാജ പട്ടയങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുവാനും റവന്യൂ റിക്കാർഡുകൾ യഥാവിധി പുനഃസ്ഥാപിക്കുവാനും മൂന്നാർ ആസ്ഥാനമാക്കി ഒരു സ്പെഷ്യൽ റവന്യൂ ഓഫീസ് രൂപീകരിച്ചു.

(ബി) മൂന്നാർ ടൗൺഷിപ്പിൽ ടാറ്റയുടെ നിയന്ത്രണം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി 1000 ഏക്കർ ഭൂമി മൂന്നാർ ടൗൺഷിപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഭൂരഹിതരായ 3400 പേർക്ക് 3 സെന്റ് മുതൽ 10 സെന്റ് വരെ സ്ഥലം മൂന്നാറിലും സമീപ വില്ലേജുകളിലുമായി പതിച്ചുകൊടുത്തിട്ടുള്ളതുമാണ്.

(സി) കോടതി സ്റ്റേ ഇല്ലാത്ത കേസുകളിൽ ശ്രദ്ധയിൽപ്പെട്ട കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുള്ളതാണ്. കയ്യേറ്റ ഭൂമിയിലെ ചില കെട്ടിടങ്ങൾ പൊളിക്കുന്നതിനെതിരെ കോടതികളിൽ കേസുകൾ നിലവിലുള്ളതാണ്.

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ചു കൊണ്ടുവരുന്നതിനുള്ള ശിപാർശകൾ

29(*119) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വിദ്യാഭ്യാസ അവകാശ നിയമത്തിൽ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറച്ചുകൊണ്ടുവരുന്നതിന് എന്തൊക്കെ ശിപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) സ്കൂൾ ഒരു യൂണിറ്റായി പരിഗണിച്ച് അനുപാതം നിർണ്ണയിക്കണമെന്ന വ്യവസ്ഥ സംസ്ഥാനത്ത് നടപ്പാക്കുന്നതിൽ എന്തൊക്കെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നാണ് കരുതുന്നത് ;

(സി) ക്ലാസ് ഒരു യൂണിറ്റായി കണക്കാക്കി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം നിർണ്ണയിക്കണമെന്ന നിർദ്ദേശം പരിഗണിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly